LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകൾ

147 (1888) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഭരണാനുമതി ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശറോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 'തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ' ഉൾപ്പെടുത്തി 105 പ്രൊപ്പോസലുകൾ പരിഗണനയിലുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത റോഡുകളിൽ 54 റോഡുകളുടെ അറ്റകുറ്റപ്പണികൾ/ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ

148 (1889) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യബന്ധന വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മത്സ്യസമൃദ്ധി പദ്ധതി, പട്ടുതാക്കുളം അലങ്കാര മത്സ്യകൃഷി, വിദ്യാഭ്യാസാനുകൂല്യം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ നിയോജകമണ്ഡലത്തിൽ 148.72 ലക്ഷം രൂപയുടെ മത്സ്യമാർക്കറ്റ് നിർമ്മിച്ചു. സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയിൽ "സീഫുഡ് കിച്ചൺ" ആരംഭിക്കുന്നതിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽപ്പെട്ട പൂക്കോട് തടാകക്കരയിൽ 6 ആദിവാസി മത്സ്യത്തൊഴിലാളി സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പിന് പരിശീലനവും 6 ലക്ഷം രൂപ തിരിച്ചടവില്ലാത്ത ഗ്രാന്റായി നൽകിയിട്ടുണ്ട്. പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യബന്ധന വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 21.15 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം മത്സ്യ കർഷക വികസന ഏജൻസി വയനാട്-ശുദ്ധജല അക്വേറിയം നവീകരണം-മിനി ഹാച്ചറി നിർമ്മാണ പ്രവൃത്തിയും 39 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി കാരാപ്പുഴ ഡാം പ്രദേശത്ത് അക്വേറിയം നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതികളിൽ മത്സ്യസമൃദ്ധി-11 (2015-18) നടപ്പിലാക്കിവരുന്നു.

പദ്ധതിയുടെ പേര്	വിനിയോഗിക്കാനുള്ള തുക
അലങ്കാര മത്സ്യകൃഷി	1,30,000/-
വിദ്യാഭ്യാസാനുകൂല്യം	31,181/-
മത്സ്യകർഷക ക്ലബ്ബ്	1,80,641/-
ആകെ	3,41,822/-

തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യുകഴിഞ്ഞു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.